എ.വൈ.ആർ

അല്ലാഹുവിനെ മാറ്റിനിർത്തി സൃഷ്ടികൾ ദൈവങ്ങളുടെ പ്രതിനിധികൾ ചമഞ്ഞു നൽകുന്ന കൽപനകൾ അല്ലാഹുവിന്റെ കൽപനകൾ പോലെ അനുസരിക്കപ്പെടേണ്ടതായി അംഗീകരിക്കുന്നതും അനുസരിക്കുന്നതും അവയെ സർവലോകനാഥന് തുല്യരാക്കലാകുന്നു.



---

96. അവരവിടെ കലഹിച്ചുകൊണ്ട് പറയുകയായി

قَالُوا وَهُمْ فِيهَا يَخْتَصِمُونَ ﴿٩٦﴾

97. അല്ലാഹുവാണ, നമ്മൾ തെളിഞ്ഞ വഴികേടിൽ തന്നെയായിരുന്നു;

تَاللَّهِ إِنْ كُنَّا لَفِي ضَلَالٍ مُبِينٍ ﴿٩٧﴾

98. നിങ്ങളെ അഖിലാണ്ഡ നാഥന് തുല്യരാക്കിയപ്പോൾ.

إِذْ نُسَوِّيكُمْ بِرَبِّ الْعَالَمِينَ ﴿٩٨﴾

**96–98**

قَالُوا = അവർ പറയുകയായി
وَهُمْ فِيهَا يَخْتَصِمُونَ = അവരതിൽ കലഹിച്ചുകൊണ്ട്
تَاللَّهِ = അല്ലാഹുവാണ
إِنْ كُنَّا = തീർച്ചയായും നമ്മൾ ആയിരുന്നു
فِي ضَلَالٍ مُبِينٍ = തെളിഞ്ഞ വഴികേടിൽ (തന്നെ)
إِذْ نُسَوِّيكُمْ = നമ്മൾ നിങ്ങളെ തുല്യമാക്കിയപ്പോൾ, സമമാക്കിയപ്പോൾ
بِرَبِّ الْعَالَمِينَ = അഖിലാണ്ഡ നാഥന്

നരകത്തിലെത്തിയപ്പോൾ തങ്ങൾ ആരാധിച്ച ദൈവങ്ങളും, ദൈവത്തിങ്കലുള്ള അവരുടെ സ്വാധീനത്തിന്റെ ബലത്തിൽ ദൈവത്തോട് ശിപാർശ ചെയ്ത് തങ്ങൾക്ക് നരകമുക്തിയും സ്വർഗപ്രവേശവും നേടിത്തരുമെന്ന് വിശ്വസിക്കപ്പെട്ടിരുന്ന വ്യാജസിദ്ധന്മാരും കള്ളപ്രവാചകന്മാരും പുരോഹിതരുമെല്ലാം തങ്ങളോടൊപ്പം അവിടെ എറിയപ്പെട്ടതായി കാണുന്നു. ഈ കാഴ്ചയും, ഈ കള്ളന്മാരെയാണ് തങ്ങൾ ആരാധിച്ചത് എന്ന തിരിച്ചറിവും അവരുടെ ഖേദം ശതഗുണീഭവിപ്പിക്കുകയും ക്ഷുഭിതരാക്കുകയും ചെയ്യുന്നു. അങ്ങനെ ആരാധകർ ആരാധ്യരോട് ശണ്ഠ തുടങ്ങുകയായി. കലഹം, തർക്കം, കേസ് കൂടുക എന്നീ ആശയങ്ങളുള്ള اختصام -ൽനിന്നുള്ള വർത്തമാന ക്രിയയാണ് يختصمون . അവർ കലഹിക്കുന്നു എന്നും തർക്കിക്കുന്നു എന്നും അർഥമാവാം. തർക്കത്തിനും എതിർപ്പിനും خصومة എന്നു പറയും. തർക്കത്തിലെ പ്രതിയോഗിയും കേസിലെ എതിർ കക്ഷിയും خصم ആണ്. ജീവിതകാ

ലമത്രയും അതീവ ഭയഭക്തിയോടെ പൂജിച്ചുകൊണ്ടിരുന്ന ദൈവങ്ങളോടും അനുസരിച്ചുകൊണ്ടിരുന്ന ആചാര്യന്മാരോടും നേതാക്കളോടും അവർ പറയുന്നു: ദൈവത്താണ, ഞങ്ങൾ തെളിഞ്ഞ മാർഗഭ്രംശത്തിൽ തന്നെയായിരുന്നു. നികൃഷ്ടരായി നരകത്തിലെറിയപ്പെടുന്ന നിങ്ങളെയാണല്ലോ ഞങ്ങൾ അഖിലാണ്ഡ നാഥനായ സാക്ഷാൽ ദൈവത്തിന് തുല്യരാക്കിയത്. അതിന്റെ ദുഷ്ഫലമാണ് ഞങ്ങൾ നേരിടുന്ന ഈ ദുർദിനം. തുടർന്ന് അവർ ഇങ്ങനെയും ചോദിക്കുമെന്ന് ഖുർആൻ മറ്റു സ്ഥലങ്ങളിൽ പറയുന്നുണ്ട്: ഞങ്ങളുടെ ഈ കൊടും പീഡനം അൽപം കുറച്ചുതരാനെങ്കിലും നിങ്ങൾക്കാകുമോ? അതിന് ദൈവങ്ങളുടെയും നേതാക്കളുടെയും പ്രതികരണം ഇതായിരിക്കും: ''ഞങ്ങൾ സ്വയം എപ്രകാരമായിരുന്നുവോ അപ്രകാരം നിങ്ങളെയും ആക്കുകയായിരുന്നു. എന്നാൽ ഞങ്ങളെ പിന്തുടർന്നുകൊണ്ട് നിങ്ങൾ സ്വയം പിഴച്ചവരാവുകയായിരുന്നു. ഞങ്ങൾ നിങ്ങളെ ബലാൽക്കാരം പിഴപ്പിക്കുകയൊന്നുമായിരുന്നില്ല.'' നരകവാസികൾ ഇങ്ങനെ കലഹിക്കുമെന്നത് സത്യം തന്നെയാകുന്നു എന്ന് 38:64-ലും പറയുന്നുണ്ട്.

ഇവിടെ ഐഹിക ജീവിതത്തിൽ തങ്ങൾക്കു പിണഞ്ഞ വൻ അമളിയായി അവിശ്വാസികൾ ഏറ്റുപറയുന്നത് 'ഞങ്ങൾ നിങ്ങളെ- ദൈവേതരന്മാരെ- അഖിലാണ്ഡ നാഥന് സമമാക്കി' (نُسَوِّيكُمْ بِرَبِّ الْعَالَمِينَ) എന്നാണ്. നിങ്ങളെ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമയുമായി കരുതി എന്നല്ല ഇതിനർഥം. അതായിരുന്നുവെങ്കിൽ അവർ പറയുക جعلناكم ارباب العالمين എന്നായിരുന്നു. ഈ കൃത്രിമ ദൈവങ്ങളും നേതാക്കളും പ്രപഞ്ചത്തിന്റെ സ്രഷ്ടാക്കളോ ഉടമകളോ അല്ലെന്നറിഞ്ഞുകൊണ്ടു തന്നെ ഞങ്ങൾ പ്രപഞ്ച സ്രഷ്ടാക്കളെപ്പോലെ അവരെ പൂജിക്കുകയും യജമാനന്മാരാക്കുകയും പ്രപഞ്ച സ്രഷ്ടാവിനു മാത്രമുള്ള അവകാശങ്ങൾ അവർക്ക് വകവെച്ചുകൊടുക്കുകയും പ്രപഞ്ച സ്രഷ്ടാവിനെ അനുസരിക്കേണ്ടതുപോലെ ചോദ്യം ചെയ്യാതെ അനുസരിക്കുകയും ചെയ്തു എന്നാണ് കുറ്റസമ്മതം. إِذْ نُسَوِّيكُم بِرَبِّ الْعَالَمِينَ എന്ന വാക്യത്തെ വിശദീകരിച്ചുകൊണ്ട് പൂർവിക മുഫസ്സിറുകളിൽ പ്രമുഖനായ ഇബ്നു കസീർ എഴുതി: اي نجعل امركم مطاعا كما يطاع امر رب العالمين (അതായത് ഞങ്ങൾ നിങ്ങളുടെ കൽപനകളെ പ്രപഞ്ചനാഥന്റെ കൽപനകൾ അനുസരിക്കപ്പെടുന്നതുപോലെ അനുസരിക്കപ്പെടേണ്ടതാക്കി). ബഹുദൈവ വിശ്വാസികൾ ആരാധിച്ചിരുന്നതേറെയും ഈ ലോകത്ത് അസ്തിത്വമില്ലാത്ത സാങ്കൽപിക ദൈവങ്ങളെയാണ്. അവരുമായി സംവദിക്കുകയും ശണ്ഠ കൂടുകയും ചെയ്യുന്ന പ്രശ്നമില്ല. പക്ഷേ, സാങ്കൽപിക ദൈവങ്ങളെ ആവിഷ്കരിക്കുകയും അവയെ ആരാധിക്കാൻ ആളുകളെ പ്രേരിപ്പിക്കുകയും അവയുടെ കൽപനകളെന്ന പേരിൽ അനുശാസനങ്ങളും വിധിവിലക്കുകളും നിർമിച്ചു നടപ്പിലാക്കുകയും ചെയ്യുന്നവർ തീർച്ചയായും ഉണ്ടല്ലോ. അവരോടാണ് നരകവാസികൾ കലഹിക്കുക. ഇബ്നു കസീറിന്റെ വ്യാഖ്യാനം വ്യക്തമാക്കുന്ന മറ്റൊരു കാര്യമിതാണ്: അല്ലാഹുവിനെ മാറ്റിനിർത്തി സൃഷ്ടികൾ ദൈവങ്ങളുടെ പ്രതിനിധികൾ ചമഞ്ഞു നൽകുന്ന കൽപനകൾ അല്ലാഹുവിന്റെ കൽപനകൾ പോലെ അനുസരിക്കപ്പെടേണ്ടതായി അംഗീകരിക്കുന്നതും അനുസരിക്കുന്നതും അവയെ സർവലോകനാഥന് തുല്യരാക്കലാകുന്നു. 92-ാം സൂക്തത്തിലെ أَيْنَ مَا كُنتُمْ تَعْبُدُونَ (നിങ്ങൾ ആരാധിച്ചിരുന്നത് എവിടെ) എന്ന ചോദ്യത്തിന് നിങ്ങൾ ദൈവസമാനം കരുതി അനുസരിക്കുകയും അനുഗമിക്കുകയും ചെയ്ത സിദ്ധന്മാരും പുരോഹിതന്മാരും നേതാക്കളും പ്രമാണിമാരുമൊക്കെ എവിടെ എന്ന ആശയവും കൂടി ഉണ്ടെന്ന് ഇതിൽനിന്ന് സ്പഷ്ടമാണ്. ■

---

وَمَا أَضَلَّنَا إِلَّا الْمُجْرِمُونَ ﴿٩٩﴾

99. നമ്മെ വഴിതെറ്റിച്ചവർ, കുറ്റവാളികൾ തന്നെയാകുന്നു.

فَمَا لَنَا مِن شَافِعِينَ ﴿١٠٠﴾

100. ഇന്നിവിടെ നമുക്കു വേണ്ടി ശിപാർശ ചെയ്യാനാരുമില്ല.

وَلَا صَدِيقٍ حَمِيمٍ ﴿١٠١﴾

101. ഉറ്റ ചങ്ങാതിയുമില്ല.

فَلَوْ أَنَّ لَنَا كَرَّةً فَنَكُونَ مِنَ الْمُؤْمِنِينَ ﴿١٠٢﴾

102. കഷ്ടം! നമുക്ക് ഭൗതിക ജീവിതത്തിലേക്ക് ഒരു മടക്കമുണ്ടായെങ്കിൽ, അങ്ങനെ സത്യധർമങ്ങളംഗീകരിച്ച് സന്മാർഗികളാകാൻ കഴിഞ്ഞെങ്കിൽ!

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٠٣﴾

103. തീർച്ചയായും ഇതിലൊരു വലിയ ദൃഷ്ടാന്തമുണ്ട്. പക്ഷേ, അധിക ജനവും വിശ്വസിക്കുന്നവരായിട്ടില്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٠٤﴾

104. നിന്റെ നാഥൻ അജയ്യനും കരുണാമയനും തന്നെയാകുന്നു.

**99-104**

وَمَا أَضَلَّنَا = ഞങ്ങളെ വഴിതെറ്റിച്ചിട്ടില്ല إِلَّا الْمُجْرِمُونَ = കുറ്റവാളികൾ അല്ലാതെ

فَمَا لَنَا = നമുക്കു വേണ്ടി ഇല്ല مِن شَافِعِينَ = ശിപാർശ ചെയ്യുന്നവരിൽനിന്ന്(ചെയ്യാൻ ആരും)

وَلَا صَدِيقٍ حَمِيمٍ = ഉറ്റ ചങ്ങാതിയും (ഇല്ല) فَلَوْ أَنَّ لَنَا = കഷ്ടം! നമുക്ക് ഉണ്ടായെങ്കിൽ

كَرَّةً = (ഭൗതികജീവിതത്തിലേക്ക്) ഒരു മടക്കം, ആവർത്തനം

فَنَكُونَ = അങ്ങനെ നമുക്ക് ആകാൻ (കഴിഞ്ഞെങ്കിൽ)

مِنَ الْمُؤْمِنِينَ = വിശ്വാസികളിൽ പെട്ടവർ(സത്യധർമങ്ങൾ അംഗീകരിച്ച സന്മാർഗികൾ)

إِنَّ فِي ذَٰلِكَ = തീർച്ചയായും അതിൽ ഉണ്ട് لَآيَةً = (മഹത്തായ) ഒരു ദൃഷ്ടാന്തം തന്നെ

وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ = അവരിൽ അധികവും (അധിക ജനകവും) വിശ്വാസികളായിട്ടില്ല

وَإِنَّ رَبَّكَ = നിന്റെ നാഥൻ لَهُوَ = തീർച്ചയായും അവൻ

الْعَزِيزُ = അജയ്യനാകുന്നു الرَّحِيمُ = കരുണാമയ(നും)നായ

വ്യാജ ദൈവങ്ങളോടും സിദ്ധന്മാരോടും നേതാക്കളോടുമൊക്കെ കലഹിച്ച് നിരാശരാകുമ്പോൾ നരകവാസികൾ നെടും ഖേദത്തോടെ വിലപിക്കുകയായി: രക്ഷയും സഹായവും ശിപാർശയുമൊക്കെ വാഗ്ദാനം ചെയ്ത് നമ്മെ വഴിതെറ്റിച്ചത് ഇപ്പോൾ നമ്മോടൊപ്പം ശിക്ഷിക്കപ്പെടുന്ന കുറ്റവാളികൾ തന്നെയായിരുന്നു. ഈ മഹാനരകത്തിൽ നമുക്കു വേണ്ടി അല്ലാഹുവിനോട് ശിപാർശ ചെയ്യാൻ ആരുമില്ല. നമ്മെ സഹായിക്കാൻ കഴിയുന്ന ഉറ്റ ചങ്ങാതിമാരായും ആരുമില്ല. നമ്മുടെ വിധി നാം തനിച്ച് ഏറ്റെടുത്ത് അനുഭവിക്കുകതന്നെ വേണം. കഷ്ടം! നമുക്ക് ഒരു ജന്മവും കൂടി ഉണ്ടായിരുന്നുവെങ്കിൽ, ഒരിക്കൽകൂടി ഭൗതികലോകത്ത് ചെന്ന് ജീവിക്കാൻ അവസരം കിട്ടിയിരുന്നെങ്കിൽ, ഈ ദുഷ്ട ദ്രോഹികളുടെ കെണിയിൽ പെടാതെ സത്യ-ധർമങ്ങൾ അംഗീകരിച്ചാചരിച്ച് ജീവിച്ച് ഈ നരകത്തിൽനിന്ന് രക്ഷപ്പെടാമായിരുന്നു. ഇതവരുടെ വ്യാമോഹം മാത്രമാകുന്നു. ഭൗതിക ജീവിതം ഒന്നേയുള്ളൂ. മരണത്തോടെ അതിന്റെ കവാടം എന്നെന്നേക്കുമായി അടഞ്ഞുകഴിഞ്ഞു.

പൂർവികരെയും സമകാലീന നേതാക്കളെയും മറ്റു ദൈവേതര ദുശ്ശക്തികളെയും അന്ധമായി അനുകരിക്കുന്നവരെ ഈ സൂക്തങ്ങൾ സഗൗരവം ഉണർത്തുന്നതിതാണ്: തങ്ങൾ മറ്റുള്ളവരാൽ വഴിപിഴപ്പിക്കപ്പെടുകയായിരുന്നു എന്ന ന്യായം വിചാരണാ നാളിൽ ആരിൽനിന്നും സ്വീകരിക്കപ്പെടുന്നതല്ല. ഓരോ വ്യക്തിയുടെയും പാപഭാരം അവർ തന്നെ ഏറ്റെടുക്കേണ്ടിവരും. താങ്ങാൻ മറ്റാരുമുണ്ടാവില്ല. 103,104 സൂക്തങ്ങൾ 67,68 സൂക്തങ്ങളുടെ ആവർത്തനമാണ്. മൂസാ നബിയുടെ ചരിത്രത്തിലെന്ന പോലെ ഇബ്റാഹീമീ ചരിത്രത്തിലും ഇസ്‌ലാമിക പ്രബോധകർക്ക് മഹത്തായ ദൃഷ്ടാന്തമുണ്ട്. പക്ഷേ അതിൽനിന്ന് പാഠമുൾക്കൊണ്ട് സത്യം അംഗീകരിക്കാൻ അധിക മനുഷ്യരും തയാറാകുന്നില്ല. അജയ്യ പ്രതാപിയായതോടൊപ്പം കൃപാസാഗരവും കൂടിയായതിനാൽ അല്ലാഹു മനുഷ്യർക്ക് വീണ്ടെടുക്കപ്പെടാൻ പിന്നെയും പിന്നെയും അവസരം നൽകിക്കൊണ്ടിരിക്കുകയാണ്. ■